ഹമീദ് വാണിയമ്പലം

# നോമ്പ് ഒരു പ്രതിരോധം

റമദാൻ ആത്മീയതയുടെ മാസം. വിശ്വാസി അല്ലാഹുവോട് ഏറ്റവും അടുത്തുനിൽക്കുന്ന ദിനരാത്രങ്ങൾ. പകലിൽ നോമ്പെടുക്കുന്ന വിശ്വാസി രാത്രിയിൽ ഭക്ഷണം കഴിക്കുന്നു. ജീവിതത്തിന്റെ ആവശ്യങ്ങളെ തിരസ്കരിക്കുകയല്ല; നിയന്ത്രിക്കുകയാണ് നോമ്പിലൂടെ. തുടർച്ചയായി നോമ്പെടുക്കുന്നവൻ നോമ്പെടുത്തിട്ടില്ലെന്നാണ് പ്രവാചകൻ പറഞ്ഞത്.

**ആർത്തിയുടെ** ലോകത്ത് പ്രസക്തമായ സന്ദേശമാണ് നോമ്പിന് നൽകാനുള്ളത്. ഭക്ഷണം, വെള്ളം, ഭോഗം, തെറ്റായ വിചാര വികാരങ്ങൾ വർജിക്കലാണ് നോമ്പ്. ആസക്തികളെ നിയന്ത്രിക്കുന്നതിനുള്ള പരിശീലനം.

കൈയേറ്റങ്ങൾ ഉണ്ടാകുന്നതും നീതിനിഷേധം നടക്കുന്നതും വിഭവങ്ങളോടുള്ള ആർത്തിയിൽ നിന്നാണ്. ഭൂമി മുഴുവൻ വെട്ടിവിഴുങ്ങാനുള്ള ഓട്ടം. അവന് വേണ്ടതോ ആറടി മണ്ണുമാത്രം. "അധികമധികമായും മറ്റുള്ളവരെ കവച്ചുവെച്ചും ഭൗതിക നേട്ടങ്ങളാർജിക്കാനുള്ള ആർത്തി നിങ്ങളെ പ്രജ്ഞാശൂന്യരാക്കിയിരിക്കുന്നു; നിങ്ങൾ ശവക്കുഴികളിലെത്തിച്ചേരുവോളം അതേ വ്യഗ്രതയിലായിരിക്കും."

ഉപഭോഗ സംസ്കാരം ചന്തമുള്ള ലോകത്തെയാണ് നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നത്. അതിന്റെ മൗനങ്ങളിൽ നിരാശയുടെ, മനോവിഭ്രാന്തിയുടെ, ആത്മഹത്യയുടെ കൊമ്പും തേറ്റയും. നോമ്പ് തെറ്റിന്റെ ലോകത്തെ പ്രതിരോധിക്കുന്നു. "നോമ്പ് ഒരു പരിചയാണ്." കണ്ണ്, കാത്, നാക്ക്, ശരീരം മുഴുവനും ഇവിടെ നിയന്ത്രിക്കപ്പെടുന്നു.

പകലിന്റെ നോമ്പിലൂടെ, രാത്രിയിലെ പ്രാർഥനയിലൂടെ ശരീരത്തിനുമേൽ ആത്മാവ് വിജയം നേടുന്നു. തിന്മക്കെതിരെ പ്രതിരോധ ശേഷിയോടെ, മൃഗശീലങ്ങളിൽനിന്ന് മാലാഖമാരുടെ ഔന്നത്യത്തിലേക്ക് വിശ്വാസി വളരുന്നു. ഒരു പുതുയുഗപ്പിറവി.

### സ്രഷ്ടാവും സൃഷ്ടികളും

ആരാധനകളിലൂടെ വിശ്വാസി സ്രഷ്ടാവിലേക്ക് അടുക്കുന്നു. നോമ്പിന്റെ വിശപ്പും ദാഹവും സമസൃഷ്ടികളെ അറിയാൻ അവനെ പ്രേരിപ്പിക്കുന്നു. സമസൃഷ്ടികളോടുള്ള ബന്ധം ഊഷ്മളമാണെങ്കിൽ മാത്രമേ ആരാധനകൾ അല്ലാഹു സ്വീകരിക്കുകയുള്ളൂ.

അന്ത്യനാളിൽ അല്ലാഹു പറയും: "മനുഷ്യപുത്രാ, ഞാൻ രോഗിയായിരുന്നു. നീ എന്നെ ശുശ്രൂഷിച്ചില്ല." മനുഷ്യൻ: "നാഥാ, ഞാനെങ്ങനെ നിന്നെ ശുശ്രൂഷിക്കും. നീ സർവലോക രക്ഷിതാവാണല്ലോ?". അല്ലാഹു: "എന്റെ ദാസൻ രോഗിയായിരുന്നത് നീ അറിഞ്ഞിരുന്നില്ലേ? എന്നിട്ട് നീ അവനെ ശുശ്രൂഷിച്ചില്ല. ശുശ്രൂഷിച്ചിരുന്നുവെങ്കിൽ അവനോടൊപ്പം നീ എന്നെ കണ്ടെത്തുമായിരുന്നു." "ഹേ മനുഷ്യപുത്രാ, നിന്നോട് ഞാൻ ഭക്ഷണം ചോദിച്ചു, നീ എനിക്ക് ആഹാരം തന്നില്ല." "നാഥാ, ഞാനെങ്ങനെ നിനക്കാഹാരം തരും? നീ സർവലോക രക്ഷിതാവല്ലേ?" അല്ലാഹു: "എന്റെ ദാസൻ നിന്നോട് ഭക്ഷണം ചോദിച്ചിരുന്നില്ലേ? എന്നിട്ട് നീ ഭക്ഷണം കൊടുത്തില്ല. നീ അത് ചെയ്തിരുന്നുവെങ്കിൽ അത് നീ എന്റെ അടുക്കൽ കണ്ടെത്തുമായിരുന്നു." "ഹേ, മനുഷ്യപുത്രാ ഞാൻ നിന്നോട് വെള്ളം ചോദിച്ചു. പക്ഷേ, നീ എനിക്ക് കുടിക്കാൻ തന്നില്ല." മനുഷ്യൻ:

“സർവലോക രക്ഷിതാവായ നാഥാ, ഞാനെങ്ങനെ നിനക്ക് വെള്ളം തരും?” അല്ലാഹു: “എന്റെ ദാസൻ നിന്റെയടുക്കൽ വെള്ളം ചോദിച്ചു വന്നിരുന്നു. നീ വെള്ളം കൊടുത്തില്ല. കൊടുത്തിരുന്നുവെങ്കിൽ അത് നീ എന്റെയടുക്കൽ കണ്ടെത്തുമായിരുന്നു.” ദാഹിക്കുന്നവന്റെയും വിശക്കുന്നവന്റെയും രോഗിയുടെയും മുന്നിൽ കണ്ണു തുറക്കാത്തവൻ സ്രഷ്ടാവിന് സ്വീകാര്യനല്ല. അവൻ മതനിഷേധിയാണ്. “മതത്തെ തള്ളിപ്പറയുന്ന മനുഷ്യനെ നീ കണ്ടിട്ടുണ്ടോ? അനാഥയെ ആട്ടിയകറ്റുന്നവനും അഗതിക്ക് അന്നം കൊടുക്കാൻ പ്രേരിപ്പിക്കാത്തവനുമത്രേ അവൻ.”

നാളെ പരലോകത്ത് മനുഷ്യൻ നരകത്തിലെറിയപ്പെടുന്നത് ദൈവത്തിനുള്ള ആരാധനാ കാര്യങ്ങളിലും സൃഷ്ടികളോടുള്ള ബാധ്യതാ നിർവഹണത്തിലും വീഴ്ച വരുത്തിയതുകൊണ്ടാണ്. ഖുർആൻ പറഞ്ഞു: “വിശ്വാസികൾ അവിശ്വാസികളോട്: നിങ്ങൾ എന്തേ നരകത്തിൽ പ്രവേശിച്ചു? അവർ പറഞ്ഞു: ഞങ്ങൾ നമസ്കരിച്ചില്ല, അഗതിക്ക് ആഹാരം നൽകിയതുമില്ല.”

ഇസ്‌ലാം കേവലം പൂജകളിലും പ്രാർഥനകളിലും ഒതുങ്ങുകയില്ല. അത് വിശക്കുന്നവന് ഭക്ഷണം നൽകും, ദാഹിക്കുന്നവന് വെള്ളവും രോഗിക്ക് സാന്ത്വനവും. സമാധാനം; അതാണ് ഇസ്‌ലാമിന്റെ അർഥം.

## ധനവും വിശ്വാസിയും

റമദാനിൽ പ്രവാചകൻ വീശിയടിക്കുന്ന കാറ്റുപോലെ ഉദാരനായിരുന്നു. റമദാൻ വിശ്വാസിയെ കൂടുതൽ ഔദാര്യവാനാക്കുന്നു. ധനം ദാനം ചെയ്യാനുള്ളതാണ്. അർഹർക്ക് വിതരണം ചെയ്യാൻ ഏൽപിക്കപ്പെട്ട അമാനത്ത്. ധനത്തെക്കുറിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാട് വളരെ ശ്രദ്ധേയമാണ്. അധ്വാനിക്കാനും സമ്പാദിക്കാനുമുള്ള പ്രചോദനമാണ് സമ്പത്തിനുമേലുള്ള മനുഷ്യന്റെ ഉടമാവകാശം. ഈ ഉടമാവകാശം തന്നെയാണ് സാമ്പത്തികാതിക്രമങ്ങൾക്കും മനുഷ്യനെ പ്രേരിപ്പിക്കുന്നത്. ഇസ്‌ലാം ഭാഗികമായി ഉടമാവകാശം അംഗീകരിച്ച് സമ്പാദിക്കാൻ പ്രേരിപ്പിക്കുന്നു. എന്നാൽ, സമ്പത്തിന്റെ യഥാർഥ ഉടമ അല്ലാഹുവാണെന്ന് ഓർമപ്പെടുത്തി അതിക്രമത്തെ തടയുകയും ചെയ്യുന്നു. “അല്ലാഹു നിങ്ങൾക്ക് നൽകിയ അല്ലാഹുവിന്റെ ധനത്തിൽനിന്നും നൽകുക”. അല്ലാഹുവിന്റെ ധനം എന്നാണ് ഖുർആൻ പറഞ്ഞത്. ധനം അല്ലാഹുവിന്റേത്. അതുകൊണ്ട് മാന്യമായ വഴിയിലൂടെയാവണം സമ്പാദ്യവും വിതരണവും.

കുത്തകവത്കരണം അനുവദനീയമല്ല. ധനം ഒഴുകണം, വളരണം. “നിങ്ങളിൽ ധനികർക്കു ചുറ്റും സമ്പത്ത് കറങ്ങിക്കൊണ്ടിരിക്കരുത്.” ധനം കുന്നുകൂട്ടി വെക്കരുത്. അത് ആവശ്യക്കാരിലേക്ക് എത്തണം. അവരെ സ്വയം പര്യാപ്തരാക്കണം. “ഉപജീവനം തടയപ്പെട്ടവർക്കും ആവശ്യക്കാർക്കും അവരുടെ സ്വത്തിൽ അവകാശമുണ്ട്.” അവകാശമാണ്, ഔദാര്യമല്ല. ‘അഗതിയുടെ ആഹാരം’ എന്നാണ് അല്ലാഹു പറഞ്ഞത്. ആഹാരം അഗതിയുടേതാണ്, നൽകുന്നവന്റേതല്ല.

“അവരിലെ ധനികരിൽനിന്നും എടുത്ത് ദരിദ്രർക്ക് വിതരണം ചെയ്യുക” - ധനം ധനികരിൽനിന്ന് ദരിദ്രരിലേക്ക്.

പ്രവാചകന്റെ വീട്ടിൽ അതിഥികൾക്കായി ആടിനെ അറുത്ത് സദ്യയുണ്ടാക്കി. അതിഥികൾ പോയപ്പോൾ നബി (സ) ചോദിച്ചു: “ഇനി വല്ലതും ബാക്കിയുണ്ടോ?” “ഒരു തോളെല്ല് ബാക്കിയുണ്ട്.” നബി (സ): “അത് കഴിച്ച് ബാക്കിയുള്ളതെല്ലാം മിച്ചം. വിശ്വാസിക്ക് ദാനം ചെയ്തതാണ് മിച്ചം.”

## അറിവിൻെറ മാസം

അറിവിന്റെ ഉറവിടമായ ഖുർആൻ ഇറങ്ങിയത് റമദാനിലാണ്. അറിവിനും ചിന്തക്കും വലിയ പ്രാധാന്യമാണ് ഇസ്‌ലാം കൽപിച്ചത്. നമസ്കരിക്കാൻ കൽപിക്കുന്നതിനു മുമ്പ്, പ്രബോധന പ്രവർത്തനത്തിന് ആവശ്യപ്പെടുന്നതിനുമുമ്പ് നബി(സ)യോട് അല്ലാഹു വായിക്കാനാണാവശ്യപ്പെട്ടത്. “വായിക്കുക, സ്രഷ്ടാവായ നിന്റെ നാഥന്റെ നാമത്തിൽ. രക്തപിണ്ഡത്തിൽനിന്ന് അവൻ മനുഷ്യനെ സൃഷ്ടിച്ചു. വായിക്കുക, നിന്റെ നാഥൻ അത്യുദാരൻ. തൂലികകൊണ്ട് പഠിപ്പിച്ചവൻ. അവൻ മനുഷ്യനെ അറിയാത്തത് പഠിപ്പിച്ചു” - വായന, പേന, അറിയാത്തത് അറിയൽ. വിജ്ഞാനത്തിന്റെ എല്ലാം അതിലുണ്ട്.

വിശ്വാസത്തിന്റെ മുന്നോടിയാണ് വിജ്ഞാനം. വിശ്വാസം അന്ധമല്ല, പാരമ്പര്യവുമല്ല, തികഞ്ഞ ബോധ്യത്തിന്റെ ഫലമാണ്. ബോധ്യം അറിവിൽനിന്നേ ഉണ്ടാകൂ. ഖുർആൻ വായിക്കുന്നവൻ പ്രപഞ്ചമാകുന്ന അല്ലാഹുവിന്റെ രണ്ടാം പുസ്തകം കൂടി വായിക്കാൻ കൽപിക്കപ്പെട്ടത് അതുകൊണ്ടാണ്. ഭൂമി, ആകാശം, മലകൾ, നദികൾ, ചന്ദ്രൻ, സൂര്യൻ, തേനീച്ച, ഒട്ടകം... എല്ലാറ്റിനെക്കുറിച്ചും പഠനവും ചിന്തയും. അന്വേഷണവും ചിന്തയും അവനെ സ്രഷ്ടാവിലേക്ക് എത്തിക്കുന്നു. ഇതിന്റെ പിന്നിൽ ഒരു ശക്തി ഉണ്ടായേ പറ്റൂ. “ഞങ്ങളുടെ നാഥാ! ഇതൊക്കെയും നീ മിഥ്യയായും വ്യർഥമായും സൃഷ്ടിച്ചതല്ലതന്നെ” - പ്രപഞ്ചത്തെക്കുറിച്ച ചിന്തയിൽനിന്നുള്ള ബോധ്യം. തസ്ബീഹും പ്രാർഥനയും അതിന്റെ ഉൽപന്നങ്ങളും. “നിന്റെ വിശുദ്ധി പാഴ്‌വേലകൾക്കെല്ലാം അതീതമാകുന്നു. നീ ഞങ്ങളെ നരകശിക്ഷയിൽനിന്നു രക്ഷിക്കേണമേ.”

വിശ്വാസിയുടെ പ്രത്യേകത ചിന്തയും ബോധ്യവുമാണ്. ഒരു രാത്രി റസൂൽ (സ) നിന്നു നമസ്കരിക്കവെ കരഞ്ഞുകൊണ്ടിരുന്നു. താടി നനയുമാറ് അവിടുന്ന് കരഞ്ഞുകൊണ്ടിരുന്നു. സുജൂദിൽ ഭൂമിയും നനഞ്ഞു. പിന്നീട് നബി കിടന്നു. അപ്പോഴും കരയുന്നുണ്ടായിരുന്നു. സുബ്ഹി നമസ്കാരത്തിന് അറിയിക്കാൻ വന്ന ബിലാൽ (റ) റസൂൽ (സ) കരയുന്നതുകണ്ട് ചോദിച്ചു: “അല്ലാഹുവിന്റെ റസൂലേ, അങ്ങ് എന്തിനാണ് കരയുന്നത്? കഴിഞ്ഞതും വരാനിരിക്കുന്നതുമായ മുഴുവൻ പാപങ്ങളും അല്ലാഹു അങ്ങേക്ക് പൊറുത്തു തന്നതല്ലേ?”. അവിടുന്ന് പ്രതിവചിച്ചു: “ഞാനെങ്ങനെ കരയാതിരിക്കും ബിലാൽ? ഇന്ന് രാത്രി അല്ലാഹു എനിക്ക് അവതരിപ്പിച്ചു തന്ന വചനമിതാ: ‘ആകാശഭൂമികളുടെ സൃഷ്ടിയിലും ദിനരാത്രങ്ങൾ മാറി മാറി വരുന്നതിലും ബുദ്ധിശാലികൾക്ക് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.’ എന്നിട്ട് റസൂൽ (സ) പറഞ്ഞു: ഇത് ഓതുകയും എന്നിട്ട് അതിനെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും ചെയ്തവന് നാശം.”

വായിച്ചാൽ പോര, ദൈവനാമത്തിൽ തന്നെ വായിക്കണം - തിരിച്ചറിവ് നൽകുന്ന വിജ്ഞാനം.

## ആത്മീയത

റമദാൻ ആത്മീയതയുടെ മാസം. വിശ്വാസി അല്ലാഹുവോട് ഏറ്റവും അടുത്തുനിൽക്കുന്ന ദിനരാത്രങ്ങൾ. പകലിൽ നോമ്പെടുക്കുന്ന വിശ്വാസി രാത്രിയിൽ ഭക്ഷണം കഴിക്കുന്നു. ജീവിതത്തിന്റെ ആവശ്യങ്ങളെ തിരസ്കരിക്കുകയല്ല; നിയന്ത്രിക്കുകയാണ് നോമ്പിലൂടെ. തുടർച്ചയായി നോമ്പെടുക്കുന്നവൻ നോമ്പെടുത്തിട്ടില്ലെന്നാണ് പ്രവാചകൻ പറഞ്ഞത്.

പലർക്കും ‘ആത്മീയത’ ജീവിതത്തിന്റെ ആവശ്യങ്ങളെ തിരസ്ക്കരിക്കലാണ്. ഭൗതികവാദങ്ങളാകട്ടെ ആത്മാവിൽ

നിന്ന് ശരീരത്തെ അടർത്തിയെടുത്ത് ആഘോഷിക്കുന്നു. ഇത് സൃഷ്ടിച്ച മാനസിക പ്രത്യാഘാതങ്ങൾ മുതലെടുത്ത് വിശ്വാസത്തെയും ദൈവത്തെയും വിൽപന നടത്തുന്ന കപട ആത്മീയതയും ഇന്നുണ്ട്.

ഇസ്‌ലാമിൽ ആത്മീയത തീർത്തും വ്യത്യസ്തം. ആരാധനകൾ നൽകുന്ന ആത്മീയ പ്രകാശത്തെ മുഴു ജീവിതത്തിലും പ്രസരിപ്പിക്കലാണത്. പൂജാമുറികളിൽ മനുഷ്യൻ ബന്ധനസ്ഥനല്ല. നമസ്കാരത്തിനു ക്ഷണിച്ചാൽ ഓടിയെത്തണം. അതുകഴിഞ്ഞാലോ ഉപജീവനത്തിനായി പുറത്തുപോവുകയും വേണം. "അല്ലയോ വിശ്വസിച്ചവരേ, വെള്ളിയാഴ്ച ദിവസം നമസ്കാരത്തിനു വിളിക്കപ്പെട്ടാൽ ദൈവസ്മരണയിലേക്ക് ഓടിവരിക. കൊള്ളക്കൊടുക്കകളുപേക്ഷിക്കുക. അതാണ് ഏറെ ശ്രേഷ്ഠമായിട്ടുള്ളത്; നിങ്ങൾ അറിയുന്നുവെങ്കിൽ. നമസ്കാരം നിർവഹിച്ചു കഴിഞ്ഞാൽ ഭൂമിയിൽ വ്യാപിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹം തേടുകയും ചെയ്തുകൊള്ളുക, അല്ലാഹുവിനെ അധികമധികം സ്മരിക്കുകയും ചെയ്യുക. നിങ്ങൾക്ക് വിജയസൗഭാഗ്യമുണ്ടായേക്കാം."

പ്രവാചകന്മാർ, അവർ ജനത്തെ അല്ലാഹുവിലേക്ക് വിളിച്ചു. ഒപ്പം കാലത്തിന്റെ പ്രശ്നങ്ങളോട് സംവദിച്ചു.

ആദ്, സമൂദ് ജനതയുടെ ആർഭാട സംസ്കാരത്തെ ഹൂദും സ്വാലിഹും (അ) തിരുത്തി. ലൈംഗിക അരാജകത്വത്തിനെതിരെ ലൂത്വ് (അ) മുന്നറിയിപ്പ് നൽകി. സാമ്പത്തിക കുറ്റകൃത്യങ്ങൾക്കെതിരെ ശുഐബും (അ) മുഹമ്മദും (സ) ശക്തമായി താക്കീത് നൽകി. ഇബ്റാഹീം, മൂസാ (അ) സ്വേഛാധിപത്യത്തോടും ഭരണകൂട ഭീകരതയോടും കലഹിച്ചു.

ആത്മീയത മനുഷ്യനെ സംസ്കരിക്കുന്നു. ജീർണതയോട് പടവെട്ടുന്നു. ഏകാധിപതികളും സ്വേഛാധിപതികളുമായ ഭരണാധികാരികളോട് കലഹിക്കുന്നു. ഇഹത്തിലും പരത്തിലും മനുഷ്യനെ വിമോചിപ്പിക്കുന്നു.

തന്നിലെ പൈശാചികതയോട് മാത്രമല്ല, പരിസരത്തിന്റെ അധർമങ്ങളോടും പൊരുതാനുള്ള കരുത്താണ് വിശ്വാസിക്ക് നോമ്പ്. ■

hameedvnb@gmail.com